## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1464 — 11.06.2019-ൽ മറുപടിയ്ക്ക്

### സമഗ്ര ജലപരിഷ്കരണനയം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.ജെ. മാക്സി : | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് മത്സ്യലഭ്യതയിൽ വൻ ഇടിവ് വന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ 2018-19 വർഷത്തിൽ മത്സ്യസമ്പത്തിൽ വർദ്ധനവ് രേഖപ്പെടുന്നതായി കാണുന്നു. |
| (ബി) | എങ്കിൽ 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിൽ സംസ്ഥാനത്ത് നിന്നും ആകെ എത്ര ടൺ മത്സ്യമാണ് ലഭിച്ചത്; | (ബി) | 2016-17 വർഷത്തിൽ 6,76,466 മെട്രിക് ടൺ മത്സ്യവും 2017-18 വർഷത്തിൽ 6,72,767 മെട്രിക് ടൺ മത്സ്യവും 2018-19 (മാർച്ച് വരെ) 8,01,757 മെട്രിക് ടൺ മത്സ്യവും ഉൾപ്പെടെ കഴിഞ്ഞ 3 വർഷങ്ങളിൽ 2150990 മെട്രിക് ടൺ മത്സ്യമാണ് സംസ്ഥാനത്തു നിന്നും ആകെ ലഭിച്ചത്. |
| (സി) | ഇത്തരത്തിൽ വന്നിട്ടുള്ള കുറവിന്റെ പശ്ചാത്തലത്തിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവനാവകാശം സംരക്ഷിക്കാനായി സമഗ്ര ജലപരിഷ്കരണ നയം രൂപീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (സി) | സമുദ്രജല പരിഷ്കരണ നയത്തിന്റെ അന്തസത്തയുൾക്കൊണ്ടു കൊണ്ട് മത്സ്യത്തൊഴിലാളി അവകാശ സംരക്ഷണ നിയമം ആവിഷ്കരിച്ച് നടപ്പാക്കുന്നതാണ്. മത്സ്യബന്ധനോപാധികളും ഉപജീവന ഇടങ്ങളിലും മത്സ്യത്തൊഴിലാളികൾക്കുള്ള ഉടമസ്ഥാവകാശം ഉറപ്പാക്കുന്നതിനായിരിക്കും ഈ നിയമ നിർമ്മാണം ലക്ഷ്യമിടുന്നത്. |
| (ഡി) | ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള മത്സ്യബന്ധനബോട്ടുകൾ കേരള തീരത്തെ ചെറുമീനുകളെയടക്കം പിടിച്ച് മത്സ്യസമ്പത്തിന് ശോഷണം വരുത്തുന്നത് തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) | ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യത്തീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നുവെന്നത് മനസ്സിലാക്കി CMFRI യുടെ പഠന റിപ്പോർട്ടിന്റെയും ശുപാർശയുടെയും അടിസ്ഥാനത്തിൽ കേരള തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം നിശ്ചയിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകയും അത് കർശനമായി നടപ്പിലാക്കി അത്തരം അശാസ്ത്രീയ മത്സ്യബന്ധന രീതി ഒരു പരിധി വരെ സംസ്ഥാനത്ത് നിയന്ത്രിക്കാനും |

സാധിച്ചിട്ടുണ്ട്. CMFRI ഒരു കേന്ദ്ര സ്ഥാപനമാകയാൽ അവർ തയ്യാറാക്കുന്ന പഠന റിപ്പോർട്ടുകളും, ശുപാർശകളും പരിഗണിക്കുവാനും നടപ്പിലാക്കുവാനും ഇതര സംസ്ഥാനങ്ങൾക്കും ബാധ്യതയുണ്ട്. 10.11.2018, 11.11.2018 എന്നീ തീയതികളിൽ എറണാകുളം CMFRI യിൽ വച്ച് കൂടിയ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഫിഷറീസ് മന്ത്രിമാരുടെ സമ്മേളനത്തിൽ ഈ വിഷയം ഗൗരവതരമായി ചർച്ച ചെയ്യുകയും CMFRI യുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കേരള സർക്കാർ നടപ്പിൽ വരുത്തിയ മാതൃകയിൽ തമിഴ് നാട്, കർണ്ണാടക, മഹാരാഷ്ട്ര, ഗോവ, പോണ്ടിച്ചേരി, ആന്ധ്ര ഉൾപ്പെടെയുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ MLS നടപ്പിലാക്കുന്നതിന് അതാത് സംസ്ഥാനത്തെ ഫിഷറീസ് വകുപ്പ് മന്ത്രിമാർ സന്നദ്ധമാണെന്ന് അറിയിക്കുകയും ധാരണയാകുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ